ഡോക്ടർമാരും പഞ്ചകർമ്മ ചികിത്സകൾ ചെയ്യുവാൻ യോഗ്യമാണ്. പ്രത്യേക ചികിത്സ ആവശ്യമുള്ള രോഗികളെ കായ ചികിത്സ വിഭാഗത്തിലേക്ക് മാറ്റി ചികിത്സിക്കുന്നുണ്ട്.

ഇത് സംബന്ധിച്ച് രോഗികളിൽ നിന്നും പരാതി ലഭിച്ചിട്ടില്ല.

(ഡി) ഉണ്ട്. കായ ചികിത്സ പഞ്ചകർമ്മമാണ്. യോഗ്യതയെങ്കിലും നിവേദകനായ ഡോ. അശോക് ഇതുമായി യാതൊരു ബന്ധവുമില്ലാത്ത സ്വസ്ഥവൃത്ത വിഭാഗത്തിലെ പ്രൊഫസർ ആണ്. അദ്ദേഹം സ്വസ്ഥവൃത്ത ഡിപ്പാർട്ട്മെന്റിലേക്ക് ഓപ്റ്റ് ചെയ്ത് പ്രസ്തുത ഡിപ്പാർട്ടുമെന്റ് പ്രൊഫസറായി നിയമിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ഈ നിവേദനം പരിഗണനാർഹമല്ല.

(ഇ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(എഫ്) ഇപ്പോൾ യോഗ്യരായവർ തന്നെയാണ് കൈകാര്യം ചെയ്യുന്നത്. തനിമയും ഗുണവും നിലനിർത്തുന്നതിന് ആവശ്യമായ നടപടികൾ കാലാകാലങ്ങളിൽ സ്വീകരിച്ചിട്ടുണ്ട്.

ആയുർവേദ ഔഷധങ്ങളും അബ്കാരി നിയമവും

183 (3112)ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ഔഷധങ്ങളിൽപ്പെടുന്ന അരിഷ്ടാസവങ്ങളെ അബ്കാരി നിയമത്തിന്റെ പരിധിയിൽപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിയന്ത്രണങ്ങൾ ആയുർവേദ ചികിത്സയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;;

(സി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) അബ്കാരി ആക്ടിലെ ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി പ്രവർത്തിക്കുന്നവർക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഹോമിയോ ഡിസ്പെൻസറി

184 (3113)ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലത്തിൽ ഹോമിയോ ഡിസ്പെൻസറി ഇല്ലാത്ത പഞ്ചായത്തുകളുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ പഞ്ചായത്തുകളാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഡിസ്പെൻസറിയില്ലാത്ത പഞ്ചായത്തുകളിൽ പുതുതായി ഹോമിയോപ്പതി ഡിസ്പെൻസറി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly